# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2486 | 17/8/2017 -ലെ മറുപടി

## വിളപ്പിൽ കുടിവെള്ള പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഐ.ബി.സതീഷ് | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കാട്ടാക്കട നിയോജക മണ്ഡലത്തിലെ വിളപ്പിൽ കുടിവെള്ള പദ്ധതിയുടെ (സ.ഉ.(സാധാ) നം. 330/2016/WRD) ടെണ്ടർ നടപടി പൂർത്തിയായിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തി എന്നാരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ; | (എ) കാട്ടാക്കട നിയോജക മണ്ഡലത്തിലെ വിളപ്പിൽ കുടിവെള്ള പദ്ധതിയുടെ ഘടകങ്ങളായ 9.0 മീറ്റർ വ്യാസമുള്ള കിണറും പമ്പ് ഹൗസും ചീലപ്പാറയിൽ 10 എം.എൽ.ഡി ശേഷിയുള്ള ജലശുദ്ധീകരണശാല, 8 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉപരിതലജലസംഭരണി, 400 എം.എം വ്യാസമുള്ള ഡി.ഐ പമ്പിംഗ് മെയിൻ എന്നിവയുടെ എസ്റ്റിമേറ്റിന് അംഗീകാരം ലഭിച്ചിട്ടുണ്ട്. ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. 15/12/2017-ഓടുകൂടി പദ്ധതിയുടെ പ്രവർത്തനങ്ങൾ തുടങ്ങാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) ഏതെല്ലാം പഞ്ചായത്തുകളിൽ ഈ പദ്ധതിയുടെ ഗുണം ലഭ്യമാകുമെന്ന് വിശദമാക്കാമോ? | (ബി) വിളപ്പിൽ പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളിലും, കാട്ടാക്കട, വിളവൂർക്കൽ, മലയിൻകീഴ് പഞ്ചായത്തിലെ ചില പ്രദേശങ്ങളിലും പ്രസ്തുത പദ്ധതിയിലൂടെ ശുദ്ധജലം ലഭ്യമാക്കാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

JSK/